# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ | | |
|---|---|---|
| NOVEMBER | 19 | 2019 |



## ശബരിമല പത്രക്കുറിപ്പ്-1


ഫോൺ : 04735-202664

www.prd.kerala.gov.in, prdsabarimala2020@gmail.com


---

### ശബരിമല സന്നിധാനത്ത് കോരിച്ചൊരിയുന്ന മഴ; പതിനെട്ടാംപടിയിൽ കൈത്താങ്ങായി പോലീസ്

ശബരിമല സന്നിധാനത്തും പരിസരങ്ങളിലും കോരിച്ചൊരിയുന്ന കനത്ത മഴ. ഇന്ന്(19) ഉച്ചയ്ക്ക് 1.15 ആരംഭിച്ച മഴ 1.43 വരെ ശക്തമായി പെയ്തു. ഒരു മണിക്ക് നട അടച്ചിരുന്നെങ്കിലും കനത്ത മഴയത്തും അയ്യപ്പന്മാർ നനഞ്ഞ് പതിനെട്ടാം പടി കയറി. അപ്രതീക്ഷിതമായി പെയ്ത കനത്ത മഴയിൽ, അയ്യപ്പന്മാരെ ചുവടു പിഴയ്ക്കാതെ പതിനെട്ടാംപടി സുരക്ഷിതമായി കയറാൻ സഹായിച്ച പോലീസുകാരും നനഞ്ഞു കുതിർന്നു. അൽപസമയത്തിനകം മഴക്കോട്ടു ധരിച്ച പോലീസുകാർ ഇവർക്കു പകരക്കാരായെത്തി സേവനം തുടർന്നു. പോലീസിലെ ഏറ്റവും മികവുള്ളവരെയാണ് പതിനെട്ടാംപടിയിൽ അയ്യപ്പന്മാർക്ക് കൈത്താങ്ങേകാൻ നിയോഗിച്ചിട്ടുള്ളത്. ***(പി.ആർ. ശബരി-20)***

### അയ്യപ്പ ഭക്തർക്ക് ഭക്ഷണം ഹൈടെക് അടുക്കളയിൽ നിന്ന്

അടുക്കള സംവിധാനങ്ങൾ കണ്ടാൽ ഏറ്റവും മുന്തിയ ഹോട്ടലിലേതാണെന്നു തോന്നിപ്പോകും. ശബരിമലയിൽ എത്തുന്ന ഭക്തർക്കായി ദേവസ്വം ബോർഡ് തയാറാക്കിയിട്ടുള്ള അന്നദാന ശാലയുടെ അടുക്കളയിൽ ഏറ്റവും പുതിയ സംവിധാനങ്ങളാണ് ഒരുക്കിയിരിക്കുന്നത്. നാൽപ്പതിലേറെ ജീവനക്കാർ ഇവിടെ രാവും പകലും പണിയെടുക്കുന്നുണ്ട്. വലിയ അനവധി പാത്രങ്ങളിൽ ആവിയിലാണ് ചോറ് വേവിക്കുന്നത്.

അന്നദാനശാലയുടെ തറനിരപ്പിൽ പ്രവർത്തിക്കുന്ന അടുക്കളയിൽ നിന്ന്

പാത്രങ്ങളിലാക്കി ട്രോളിയിലൂടെ ലിഫ്റ്റ് മാർഗം ചോറും കറികളും ഒന്നാംനിലയിൽ ഭക്ഷണശാലയിൽ എത്തിക്കുന്നു. വിറക് പൂർണമായും അടുക്കളയിൽ നിന്ന് ഒഴിവാക്കി പരിസ്ഥിതി സൗഹൃദമാക്കിയിരിക്കുകയാണ്. ഉപ്പുമാവ് വലിയ വാർപ്പുകളിൽ ഗ്യാസ് ഉപയോഗിച്ചാണ് തയാറാക്കുന്നത്. 24 മണിക്കൂറും ഭക്തർക്ക് ഇവിടെ നിന്ന് ഭക്ഷണം കഴിക്കാമെന്നതാണ് പ്രത്യേകത. മുമ്പ് ഭക്തർ തന്നെ പാത്രങ്ങൾ കഴുകണമായിരുന്നു. എന്നാൽ ഇപ്പോൾ പാത്രവും കഴുകേണ്ട. പാത്രം എടുക്കുന്നതിനും കഴുകുന്നതിനും ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്. പാത്രത്തിൽ നിന്നുള്ള അവശിഷ്ടങ്ങൾ മറ്റൊരു ടാങ്കിൽ സംഭരിക്കും. അത് ഓരോഘട്ടത്തിലും വെള്ളം ഒഴുക്കി പുറത്തേക്ക് പൈപ്പിലൂടെ നീക്കം ചെയ്യുന്നു. തണുത്ത വെള്ളത്തിൽ കഴുകുന്ന പാത്രങ്ങൾ തിളപ്പിച്ച വെള്ളത്തിൽ വീണ്ടും കഴുകും. ഇതിനായി പ്രത്യേക യന്ത്രവുമുണ്ട്. പകർച്ചവ്യാധി ഒരുതരത്തിലും ഉണ്ടാകരുതെന്ന ലക്ഷ്യത്തോടെയാണ് പുതിയ ക്രമീകരണം. മാത്രമല്ല ഭക്ഷണശാലയും പരിസരവും ഏറ്റവും വൃത്തിയായി സൂക്ഷിക്കാനും കഴിയും. വന്യജീവിക ളുടെ ശല്യവും ഒഴിവാകും. ഭക്ഷണശാല ഓരോ ഘട്ടത്തിലും വാക്വം ക് ളീനർ ഉപയോഗിച്ചു വൃത്തിയാക്കുന്നുണ്ട്.

ഒരേസമയം രണ്ടായിരത്തോളം പേർക്ക് ഇരുന്ന് കഴിക്കാനുള്ള സൗകര്യം ഭക്ഷണശാലയിലുണ്ട്. ഒരു ദിവസം 40000 ഓളം പേർക്ക് ഇവിടെ ഭക്ഷണം നൽകാൻ കഴിയും. മൂന്നുനേരവും ഇവിടെ ഭക്ഷണമുണ്ട്. രാവിലെ പ്രാതലിന് ഇഡലി അല്ലെങ്കിൽ ഉപ്പുമാവും കടലകറിയും ഉച്ചയ്ക്ക് മൂന്നിനം കറികൾ കൂട്ടിയുള്ള ഊണ്, രാത്രിയിൽ കഞ്ഞിയും പയറും. വൈകി വരുന്ന ഏതൊരാൾക്കും ഭക്ഷണം ലഭിക്കും. ***(പി.ആർ. ശബരി-21)***

## തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അനൗൺസ്മെന്റ് സംവിധാനം 24 മണിക്കൂറും

അയ്യപ്പഭക്തർക്ക് സഹായഹസ്തമായും വിവരങ്ങൾ യഥാസമയം കൈമാറിയും ശബരിമല അയ്യപ്പസന്നിധിയിലെ പബ്ലിസിറ്റി കം പബ്ലിക് ഇൻഫർമേഷൻ സെന്ററിന്റെ മാതൃകാപരമായ പ്രവർത്തനം. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പബ്ലിക് റിലേഷൻ വിഭാഗത്തിന് കീഴിലാണ് ശബരിമല സന്നിധാനത്ത് വലിയ നടപ്പന്തലിൽ പബ്ളിസിറ്റി കം പബ്ലിക് ഇൻഫർമേഷൻ സെന്റർ പ്രവർത്തിക്കുന്നത്. 24 മണിക്കൂറും പ്രവർത്തിക്കുന്ന അനൗൺസ്മെന്റ് സംവിധാനം ഇവിടെയുണ്ട്.

അയ്യപ്പഭക്തൻമാർക്കുള്ള വിവിധ അറിയിപ്പുകൾ മലയാളം, തമിഴ്, തെലുങ്ക്, കന്നട ഹിന്ദി, ഇംഗ്ളീഷ് തുടങ്ങിയ ഭാഷകളിൽ നൽകുക, തിരുനട തുറക്കുമ്പോഴും, അടയ്ക്കുമ്പോഴും അയ്യപ്പഭക്തി ഗാനങ്ങൾ കേൾപ്പിക്കുക, കൂട്ടം തെറ്റിയ ഭക്തജനങ്ങളെ സംബന്ധിച്ച് അറിയിപ്പ് നൽകുക, നഷ്ടപ്പെട്ടു/കളവുപോകുന്ന വിലപിടിപ്പുള്ള സാധനങ്ങൾ സംബന്ധിച്ച അറിയിപ്പ് നൽകുക തുടങ്ങിയവയാണ് പബ്ലിസിറ്റി അനൗൺസ്മെന്റ് വിഭാഗ ത്തിന്റെ ദൈനംദിന പ്രവർത്തനം. തമിഴ്, തെലുങ്ക്, കന്നട ഹിന്ദി, ഇംഗ്ളീഷ് അനൗൺസ്മെന്റ് നടത്തുന്നത് ബാംഗളൂർ സ്വദേശി ആർ.എം.ശ്രീനി വാസാണ്. മലയാളം അനൗൺസ്മെന്റ് ചെയ്യുന്നത് കോഴഞ്ചേരി ഗോപാലകൃഷ്ണൻ, മഹേഷ് എന്നിവരാണ്. ദേവസ്വം ബോർഡ് പബ്ലിക് റി ലേഷൻസ് ഓഫീസറും മാധ്യമ പ്രവർത്തകനുമായ സുനിൽ അരുമാനൂരും അനൗൺസറുടെ കുപ്പായമണിയുമ്പോൾ മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ

അറിയിപ്പുകൾ അയ്യപ്പഭക്തരെ തേടിയെത്തും.

കൂട്ടം തെറ്റി വരുന്ന അയ്യപ്പഭക്തർക്കും അതിഥികൾക്കും ഇരിക്കാനുള്ള മുറി, അനൗൺസ്മെന്റ് മുറി, പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാബിൻ, അസിസ്റ്റന്റ് ഓഫീസർമാരുടെ ഇരിപ്പിടങ്ങൾ എന്നിങ്ങനെയുള്ള സൗകര്യവും ഇവിടെയുണ്ട്. ദേവസ്വം ബോർഡ് ജീവനക്കാരും താൽക്കാലിക ജീവനക്കാരും ഉൾപ്പെടെ 25 ൽ അധികം ജീവനക്കാർ വിവിധ ഷിഫ്റ്റുകളിലായി ഭക്തരെ സഹായിക്കാനും വിവരങ്ങൾ കൈമാറാനും 24 മണിക്കൂറും സജ്ജമാണ്. ദേവസ്വം ബോർഡിന്റെയും ശബരിമലയുടെയും പി.ആർ.ഒ ആയ സുനിൽ അരുമാനൂരിന്റെ നേതൃത്വത്തിലാണ് ഓഫീസിന്റെ പ്രവർത്തനം. ദേവസ്വം ഫോട്ടോഗ്രാഫർ വിജയകുമാർ, അസിസ്റ്റന്റ് സ്പെഷൽ ഓഫീസർ എന്നിവരെ കൂടാതെ ആറ് ക്ഷേത്രജീവനക്കാരും 24 മണിക്കൂറും ഈ ഓഫീസിൽ കർമനിരതരാണ്. ഇവ കൂടാതെ സന്നിധാനത്തുള്ള സ്റ്റേജിൽ കലാപരിപാടി അവതരിപ്പിക്കുന്ന കലാകാരൻമാർക്ക് സൗകര്യങ്ങൾ ഏർപ്പെടുത്തുക, അയ്യപ്പൻമാരുടെ ഫോണിലൂടെയുള്ള സംശയങ്ങൾക്ക് മറുപടി നൽകുക തുടങ്ങിയവയും ഈ ഓഫീസ് ചെയ്തുവരുന്നു. അയ്യപ്പന്റെ ഉറക്കുപാട്ടായ ഹരിവരാസനം ഒഴുകിയെത്തുന്നതും ഈ ഓഫീസിൽ നിന്നു തന്നെ. പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിലെ പബ്ലിക് ഇൻഫർമേഷൻ സെന്ററുകളും ഈ ഓഫീസിന്റെ നിയന്ത്രണത്തിലാണ്. ***(പി.ആർ. ശബരി-22)***

## കന്നി അയ്യപ്പന്മാരുടെ വ്രതാനുഷ്ഠാനങ്ങൾ

മലകയറാൻ ആദ്യമായി വ്രതം എടുത്തു തുടങ്ങുന്ന ആളെയാണ് കന്നിഅയ്യപ്പൻ എന്നു വിളിക്കുന്നത്. കന്നി അയ്യപ്പന്മാർ ആദ്യമായി ഒരു ഗുരുസ്വാമിയെ കണ്ടെത്തണം. പതിനെട്ടുകൊല്ലമെങ്കിലും മലചവിട്ടിയ ഒരാളെയാണ് ഗുരുസ്വാമി എന്നു വിളിക്കുന്നത്. അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ ക്ഷേത്രനടയിൽ വച്ചുവേണം മാലയിടേണ്ടത്. അതിരാവിലെ കുളിച്ച് ശുദ്ധമായ കറുത്ത വസ്ത്രം ധരിച്ച്, സ്വാമിയുടെ രൂപം മുദ്രിതമായ പതക്കമുള്ള രുദ്രാക്ഷമാലയാണ് അണിയേണ്ടത്. നാൽപ്പത്തിയൊന്നു ദിവസത്തെ വ്രതനിഷ്ഠ തെറ്റാതെ പാലിക്കണം. വ്രതകാലത്ത് ആഴിപൂജ, പടുക്ക എന്നീ ചടങ്ങുകൾ നടത്തണം.

കെട്ടുനിറ അഥവാ കെട്ടുമുറുക്ക് എന്ന കർമം നടത്തേണ്ടത് ശബരിമലക്ക് പോകും മുമ്പാണ്. ഗുരുസ്വാമിയുടെ നിർദേശ പ്രകാരമാണ് ഇരുമുടിക്കെട്ട് നിറയ്ക്കേണ്ടത്. പിന്നീട് പിന്തിരിഞ്ഞ് നോക്കാതെ ശരണം വിളികളോടെ വേണം പുറപ്പെടേണ്ടത്.

എരുമേലിയിൽവച്ച് പേട്ടതുള്ളൽ നടത്തണം. പേട്ടതുള്ളൽ കഴിഞ്ഞാൽ ക്ഷേത്രത്തിന് മുൻവശത്തുള്ള ജലാശയത്തിൽ പ്രാർഥനകളോടെ സ്നാനം ചെയ്യണം. എരുമേലി ക്ഷേത്രദർശനം കഴിഞ്ഞ് കാണിക്കയിട്ട് തൊഴുത് നാളികേരമുടച്ച് കെട്ടുതാങ്ങി സ്വാമിയുടെ കോട്ടപ്പടി എന്ന സ്ഥാനം കടക്കണം. കന്നി അയ്യപ്പന്മാർക്ക് അഴുതാ നദിയിലെ സ്നാനം പ്രധാനപ്പെട്ടതാണ്. അവർ അഴുതയിൽ മുങ്ങി കല്ലെടുത്ത് വസ്ത്രത്തിന്റെ തുമ്പിൽ കെട്ടിയിടണം. ശേഖരിച്ച ഈ കല്ല് കല്ലിടുംകുന്നിലാണ് നിക്ഷേപിക്കേണ്ടത്.

പമ്പാനദിക്കരയിൽ വച്ചാണ് ഗുരുസ്വാമിക്കുള്ള ദക്ഷിണ നൽകേണ്ടത്. തുടർന്നുള്ള യാത്രാമധ്യേ അപ്പാച്ചിക്കുഴിയും ഇപ്പാച്ചിക്കുഴിയും കാണാം. അവിടെ അരിയുണ്ടയും ശർക്കരയുണ്ടയും എറിയണം. പിന്നീട്, ശരംകുത്തി

യിലെത്തി കന്നി അയ്യപ്പന്മാർ ശരക്കോൽ നിക്ഷേപിക്കുന്നു. കന്നി അയ്യപ്പന്മാർ എത്തിയെന്നതിന്റെ തെളിവാണിത്. മകരവിളക്ക് കഴിഞ്ഞുള്ള മാളികപ്പുറത്തമ്മയുടെ ശരംകുത്തിയിലേക്കുള്ള എഴുന്നെള്ളിപ്പ് കന്നി അയ്യപ്പന്മാർ എത്തിയിട്ടുണ്ടോ എന്നറിയുന്നതിനു വേണ്ടിയാണ്. ഈ അനുഷ്ഠാനങ്ങൾ കൃത്യമായി പാലിച്ചതിനു ശേഷമാണ് പതിനെട്ടാംപടി കയറി കന്നി സ്വാമിമാർ ശബരീശദർശനം നടത്തേണ്ടത്. ***(പി.ആർ. ശബരി-23)***


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

**കേരള സർക്കാർ**

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**

| നവംബർ<br>NOVEMBER 19 | 2019 |
| --- | --- |



# ശബരിമല പത്രക്കുറിപ്പ്-2

ഫോൺ : 04735-202664

www.prd.kerala.gov.in, prdsabarimala2020@gmail.com

## ശബരിമല: വാട്ടർ അതോറിറ്റി പ്രതിദിനം 130 ലക്ഷം ലിറ്റർ വെള്ളം ലഭ്യമാക്കും

തീർഥാടനകാലത്ത് ശബരിമലയിൽ പ്രതിദിനം 130 ലക്ഷം ലിറ്റർ കുടിവെള്ളം വിതരണം ചെയ്യാനുള്ള സംവിധാനമൊരുക്കി വാട്ടർ അതോറിറ്റി. തീർഥാടകർക്ക് കുടിവെള്ളം യഥേഷ്ടം ലഭിക്കാൻ എല്ലാ ക്രമീകരണങ്ങളുമുണ്ടെന്നും വാട്ടർ അതോറിറ്റി അറിയിച്ചു. പമ്പയിൽ പ്രതിദിനം 60 ലക്ഷം ലിറ്ററും ശരണപാതയിലും സന്നിധാനത്തുമായി 70 ലക്ഷം ലിറ്ററും കുടിവെള്ളം വിതരണം ചെയ്യാൻ സൗകര്യമൊരുക്കി. ഇതിനു പുറമെ നിലയ്ക്കലിൽ പ്രതിദിനം 20 ലക്ഷം ലിറ്റർ കുടിവെള്ളം വിതരണം ചെയ്യാനും സംവിധാനമുണ്ട്.

പമ്പിംഗ് സമയം 12 മണിക്കൂറിൽനിന്ന് 24 മണിക്കൂറായി വർധിപ്പിച്ചിട്ടുണ്ട്. വെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനു മാത്രമായി വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരെയും നിയമിച്ചു. പമ്പ, സന്നിധാനം, ശരണപാത, നിലയ്ക്കൽ എന്നിവിടങ്ങളിൽ ആർഒ പ്ലാൻറുകൾ വഴി 12.40 ലക്ഷം ലിറ്റർ ശുദ്ധജലവും ലഭ്യമാക്കിയിട്ടുണ്ട്. പമ്പയിൽ വാട്ടർ അതോറിറ്റിയുടെ 2.8 ലക്ഷം ലിറ്ററിന്റെ ഭൂതല സംഭരണിയിലും തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നാലു ലക്ഷം ലിറ്ററിന്റെ ഉന്നതതല സംഭരണിയിലുമായി കുടിവെള്ളം ലഭ്യമാക്കും. ശരണപാതയിലും സന്നിധാനത്തും കുടിവെള്ളം നൽകാൻ നീലിമല ടോപ്പിൽ രണ്ടു ലക്ഷം ലിറ്ററിന്റെ ഭൂതല സംഭരണിയും നീലിമല ബോട്ടത്തിൽ രണ്ടു ലക്ഷം ലിറ്ററിന്റെ സംഭരണിയും അപ്പാച്ചിമേട് രണ്ടു ലക്ഷം ലിറ്ററിന്റെ ഭൂതല സംരഭരണി, ശരംകുത്തിയിൽ വാട്ടർ അതോറിറ്റിയുടെ ആറു ലക്ഷം ലിറ്ററിന്റെയും ദേവസ്വംബോർഡിന്റെ 40

ലക്ഷം ലിറ്ററിന്റെയും 10 ലക്ഷം ലിറ്ററിന്റെയും സംഭരണികൾ എന്നിവ വഴി കുടിവെള്ളം ലഭ്യമാക്കും.

നിലയ്ക്കലിൽ ദേവസ്വംബോർഡിന്റെ 40 ലക്ഷം ലിറ്ററിന്റെ ടാങ്കിലും വാട്ടർ അതോറിറ്റിയുടെ 15 ലക്ഷം ലിറ്ററിന്റെ സ്റ്റീൽ ടാങ്കിലും 5000 ലിറ്ററിന്റെ 215 ടാങ്കുകൾ വഴിയും വെള്ളം നൽകും. പമ്പയിൽനിന്നും സീതത്തോട് നിന്നും ടാങ്കർ ലോറികൾ വഴിയാണ് നിലയ്ക്കലിൽ വെള്ളമെത്തിക്കുന്നത്. ശരണപാത, പമ്പ, മണപ്പുറം, കെഎസ്ആർടിസി എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള കിയോസ്കുകളിൽനിന്ന് 330 ടാപ്പുകൾ വഴി വെള്ളം നൽകും. ചൂടുവെള്ളവും തണുപ്പു വെള്ളവും കിട്ടുന്ന 12 ഡിസ്പെൻസറുകളും സെൻസർ ടാപ്പോടു കൂടിയ 10 പുതിയ ഡിസ്പെൻസറുകളുമുണ്ട്. നിലയ്ക്കലിൽ കിയോസ്കുകളിൽനിന്ന് വെള്ളമെടുക്കാൻ 300 ടാപ്പുകളാണ് സജ്ജീകരിച്ചിട്ടുള്ളത്.

നിലയ്ക്കലുള്ള രണ്ടു കുഴൽക്കിണറുകളും ഉപയോഗ യോഗ്യമാക്കി പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. ടാങ്കുകളും ലൈനുകളുമെല്ലാം വൃത്തിയാക്കുകയും ഗുണനിലവാര പരിശോധനാ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുകയും ചെയ്തു.

ആവശ്യമുള്ളവർക്ക് 60 രൂപ നിരക്കിൽ ടാങ്കർ ലോറികളിൽ വെള്ളം ലഭ്യമാക്കുന്നതിനായി എരുമേലി ശുദ്ധീകരണശാലയിൽ വെൻഡിംഗ് പോയിന്റുകളും സജ്ജമാക്കിയിട്ടുണ്ട്. ***(പി.ആർ. ശബരി-24)***

**ശബരിമല തീർഥാടനം: ഹോട്ടലുകളിൽ വിലവിവരപ്പട്ടിക പരിശോധിക്കാൻ കളക്ടറുടെ നേതൃത്വത്തിൽ പ്രത്യേക സ്ക്വാഡ്**

## വിലയിലോ തൂക്കത്തിലോ ക്രമക്കേട് നടത്തിയാൽ കർശന നടപടി: ജില്ലാ കളക്ടർ

ശബരിമല മണ്ഡല-മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് ജില്ലയിലെ എല്ലാ ഭക്ഷണശാലകളിലും വിലവിവരപ്പട്ടിക പ്രദർശിപ്പിക്കുന്നുണ്ടോയെന്ന് കണ്ടെത്തുന്നതിനും വിലവിവരപ്പട്ടിക അനുസരിച്ചാണോ വില ഈടാക്കുന്നതെന്ന് ഉറപ്പാക്കുന്നതിനും ജില്ലാ കളക്ടർ പി.ബി നൂഹിന്റെ നേതൃത്വത്തിലുള്ള സ്ക്വാഡ് പരിശോധന തുടങ്ങി. സന്നിധാനം, നിലയ്ക്കൽ, പമ്പ എന്നിവിടങ്ങളിലും റാന്നി, കോന്നി, മല്ലപ്പള്ളി, കോഴഞ്ചേരി, അടൂർ, തിരുവല്ല എന്നീ താലൂക്ക് സപ്ലൈ ഓഫീസർമാരുടെ പരിധികളിലും ഭക്ഷണശാലകളിൽ പരിശോധന നടത്തും. സ്ക്വാഡിന്റെ പ്രവർത്തനം ജനുവരി 22 വരെയാണ് നടക്കുക. സിവിൽ സപ്ലൈസ്, ലീഗൽ മെട്രോളജി, ആരോഗ്യം, റവന്യൂ, പോലീസ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ഏഴ് ബാച്ചുകളാണു ഡ്ക്വാഡ് പ്രവർത്തനം നടക്കുന്നത്.

ജില്ലയിലെ എല്ലാ ഭക്ഷണശാലകളിലേയും ഭക്ഷണത്തിന്റെ വില, തൂക്കം, ഗുണനിലവാരം മുതലായ കാര്യങ്ങൾ സ്ക്വാഡ് പരിശോധിച്ച് ഉറപ്പ് വരുത്തുന്നുണ്ട്. ഭക്ഷണ ശാലകളിൽ എൽ.പി.ജി സിലിണ്ടറുകൾ 19 കിലോയുടെ കൊമേഴ്സ്യൽ സിലിണ്ടറുകൾ മാത്രമാണ് സൂക്ഷിക്കാനാകുക. ഭക്ഷണശാലകൾ 100 കിലോഗ്രാമിന് മുകളിൽ എൽ.പി.ജി സിലിണ്ടറുകൾ സൂക്ഷിക്കുകയോ ഗാർഹിക സിലണ്ടറുകൾ ഉപയോഗിക്കുകയോ ചെയ്താൽ സ്ക്വാഡ് പിടിച്ചെടുക്കും. തീർഥാടകർ വാഹനങ്ങൾക്ക് സമീപത്ത് ഭക്ഷണം പാചകം ചെയ്താലും പിടി വീഴും. വിലവിവരപ്പട്ടിക

പ്രദർശിപ്പിക്കാതിരിക്കുകയോ വിലയിലോ തൂക്കത്തിലോ ക്രമക്കേട് നടത്തുകയോ ചെയ്യുന്ന കടകൾക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് ജില്ലാകളക്ടർ അറിയിച്ചു. വിലവിവരപ്പട്ടിക മലയാളം, ഹിന്ദി, തമിഴ്, കന്നട, തെലുങ്ക്, ഇംഗ്ലീഷ് ഭാഷകളിൽ പ്രദർശിപ്പിക്കണം.
വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാതിരിക്കുകയോ വിലയിലോ തൂക്കത്തിലോ ക്രമക്കേട് നടത്തുകയോ ചെയ്യുന്ന കടകൾക്കെതിരെ ഈ നമ്പരുകളിൽ പരാതിപ്പെടാം.

ടോൾ ഫ്രീ നമ്പർ- 1800 4251 125,
സന്നിധാനം- 91885 27852
പമ്പ- 91885 27430
നിലയ്ക്കൽ- 91885 27554
പമ്പയ്ക്ക് പുറത്ത്- 91885 27605
നോഡൽ ഓഫീസർ- 91885 27438
ജില്ലാ സപ്ലൈ ഓഫീസർ- 91885 27317
അടൂർ താലൂക്ക് സപ്ലൈ ഓഫീസർ- 91885 27346
കോഴഞ്ചേരി താലൂക്ക് സപ്ലൈ ഓഫീസർ- 91885 27347
റാന്നി താലൂക്ക് സപ്ലൈ ഓഫീസർ- 91885 27348
കോന്നി താലൂക്ക് സപ്ലൈ ഓഫീസർ- 91885 27349
തിരുവല്ല താലൂക്ക് സപ്ലൈ ഓഫീസർ- 91885 27350
മല്ലപ്പള്ളി താലൂക്ക് സപ്ലൈ ഓഫീസർ- 91885 27351
ഫുഡ് ആന്റ് സേഫ്റ്റി ടോൾ ഫ്രീ-1800 425 1125
ഫുഡ് ആന്റ് സേഫ്റ്റി ശബരിമല സ്പെഷൽ സ്ക്വാഡ്-8592 999666
ഫുഡ് ആന്റ് സേഫ്റ്റി അസി.കമ്മീണർ(ശബരിമല)- 89433 46183
ഫുഡ് ആന്റ് സേഫ്റ്റി നോഡൽ ഓഫീസർ- 90726 39572
ഫുഡ് ആന്റ് സേഫ്റ്റി റാന്നി സർക്കിൾ-89433 46588. ***(പി.ആർ. ശബരി-24)***

## തീർഥാടകരെ വഴിയോരക്കച്ചവടക്കാർ ചൂഷണം ചെയ്താൽ 1800 425 1606 വിളിക്കാം

തീർഥാടന കാലയളവിൽ വഴിയോര കച്ചവടക്കാരും മറ്റും ചൂഷണം ചെയ്താൽ തീർഥാടകർക്ക് പരാതികൾ വിളിച്ചു പറയാം. 1800 425 1606 എന്ന ടോൾ ഫ്രീ നമ്പറിൽ വിളിച്ചാൽ അടിയന്തര നടപടി സ്വീകരിക്കുമെന്ന് ജില്ലാ കളക്ടർ പി.ബി. നൂഹ് അറിയിച്ചു. ***(പി.ആർ. ശബരി-24)***

## ശബരിമല തീർഥാടനം: ഇന്ന് (20) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ

ശബരിമല തീർഥാടത്തോടനുബന്ധിച്ച് ഇന്ന് (20) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ : ഗുഡ് ലൈഫ് മെഡിക്കൽസ് കോന്നി, നീതി മെഡിക്കൽസ് പത്തനംതിട്ട, മുത്തൂറ്റ് ഹോസ്പിറ്റൽ കോഴഞ്ചേരി, ഹോളിക്രോസ് ഹോസ്പിറ്റൽ അടൂർ, ഭാരത് മെഡിക്കൽ സ്റ്റോർ പന്തളം കുളനട, നീതി മെഡിക്കൽ സ്റ്റോർ ഗവൺമെന്റ് ഹോസ്പിറ്റൽ തിരുവല്ല, സെന്റ് തോമസ് മെഡിക്കൽ സ്റ്റോർ അങ്ങാടി റാന്നി, ഗ്രേസ് മെഡിക്കൽസ് വടശേരിക്കര. ***(പി.ആർ. ശബരി-24)***

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ<br>NOVEMBER 19 | 2019 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-3


ഫോൺ : 04735-202664

www.prd.kerala.gov.in, prdsabarimala2020@gmail.com


---

### ഭക്തിനിർഭരമായി ആദ്യദിന പടിപൂജ

ശബരിമല സന്നിധാനത്ത് ഇന്നലെ(19) വൈകിട്ട് നടത്തിയ പടിപൂജ ഭക്തിനിർഭരമായി. അഞ്ചുദിവസങ്ങളിലായിട്ടാണ് പടിപൂജ നടത്തുന്നത്. അയ്യപ്പന്റെ കാവൽക്കാരായി നിലകൊള്ളുന്ന പൂങ്കാവനത്തിലെ പതിനെട്ടു മലകളുടെ ദേവതകളെ പ്രീതിപ്പെടുത്തുന്നതിനു വേണ്ടിയാണ് പടിപൂജ നടത്തുന്നത്. പതിനെട്ടു പടികളും പുഷ്പങ്ങൾകൊണ്ട് അലങ്കരിച്ച് വിളക്കുകൾ കത്തിച്ചാണ് പൂജ. ദർശനത്തിനായി പതിനെട്ടാംപടിക്കു താഴെയും മുകളിലുമായി കാത്തുനിന്ന നൂറുകണക്കിനു ഭക്തരുടെ ശരണംവിളികൾക്കിടയിൽ തന്ത്രി കണ്ഠര് മഹേഷ് മോഹനരും മേൽശാന്തി എ.കെ. സുധീർനമ്പൂതിരിയും പടിപൂജയ്ക്ക് കാർമികത്വം വഹിച്ചു. തുടർന്ന് ദീപാരാധനയും നടന്നു. ***(പി.ആർ. ശബരി-25)***

### ഫോട്ടോ അടിക്കുറിപ്പ്

സന്നിധാനത്ത് ഇന്നലെ വൈകിട്ട് പതിനെട്ടാംപടിയിൽ തന്ത്രി കണ്ഠര് മഹേഷ് മോഹനരുടെയും മേൽശാന്തി സുധീർ നമ്പൂതിരിയുടെയും നേതൃത്വത്തിൽ നടത്തിയ പടിപൂജ.


